ഉത്തരം

സംസ്ഥാനത്തിൽ പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും ക്ഷേമത്തിനും അവരുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനും വേണ്ടി ഒരു സമഗ്ര സർവേ നടത്തുന്നതിന് സർക്കാർ നേരത്തെ തന്നെ തീരുമാനിച്ചിരുന്നു. എന്നാൽ ചില സാമുദായിക സംഘടനകളുടെ എതിർപ്പുമൂലം പ്രസ്തുത സർവേ നിർത്തിവെക്കുകയുണ്ടായി. കോളനികളിലും സങ്കേതങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

ഭൂരഹിത-ഭവനരഹിത പുനരധിവാസ ധനസഹായ പദ്ധതി

10 (3409)ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിത ഭവനരഹിത പുനരധിവാസ ധനസഹായ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വഴി പട്ടികജാതി വിഭാഗത്തിന് അനുവദിക്കുന്ന തുക തികച്ചും പരിമിതമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തുക 75,000 രൂപയായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

ആലപ്പുഴയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി മോഡൽ റസിഡൻഷ്യൽ സ്കൂൾ

11 (3410) ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(സി) ആലപ്പുഴ നഗരത്തിൽ ഇത്തരം സ്ക്കൂളുകൾ ആരംഭിക്കുന്നിന് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ അടുത്ത അദ്ധ്യയനവർഷം മുതൽ സ്കൂൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആന്റ് (ബി) തീരുമാനമെടുത്തിട്ടുണ്ട്.

ഇപ്പോൾത്തന്നെ പതിനൊന്ന് സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കോട്ടയത്തും, കൊല്ലത്തും

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ആലപ്പുഴയിലും, തൃശ്ശൂരും ഓരോ എം.ആർ.എസ്സുകൾ അടുത്ത അദ്ധ്യയനവർഷം മുതൽ ആരംഭിക്കുന്നതാണ്.

(സി) ആന്റ് (ഡി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ആലപ്പുഴ ജില്ലയിൽ എം.ആർ.എസ്സ്. ആരംഭിക്കുന്നതാണ്. സ്ഥലത്തിന്റെ കാര്യത്തിൽ തീരുമാനമായിട്ടില്ല.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഇട യ്ക്കുവെച്ചുള്ള കൊഴിഞ്ഞുപോക്ക് അവസാനിപ്പി ക്കാൻ നടപടി

12 (3411) ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ. ബാബു :
ശ്രീ. പി.ജെ. ജോയി :
ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക -പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യയനവർഷത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥിക ളുടെ ഇടയ്ക്കുവച്ചുള്ള കൊഴിഞ്ഞുപോക്ക് എത്ര ശതമാനം വരുമെന്ന് പറ യുമോ;

(ബി) ഒന്നാം ക്ലാസിൽ പ്രവേശനം നേടുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ എത്ര ശതമാനം പേർ പത്താം ക്ലാസിൽ എത്തുന്നുണ്ട്;

(സി) ഇത്രയധികം വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നതിനുള്ള കാരണമെന്താണ്;

(ഡി) ഇതിന് എപ്രകാരം പരിഹാരം കാണാനാകുമെന്ന് പറയുമോ?

ഉത്തരം

(എ) പട്ടികജാതി വിദ്യാർത്ഥികളെ സംബന്ധിച്ച് 'കൊഴിഞ്ഞുപോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ ഒരു ശതമാനം ഓരോവർഷവും കൊഴിഞ്ഞുപോകുന്നതായി കണ്ടുവരുന്നു.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിലാണ് കൊഴിഞ്ഞുപോക്ക് സാധാരണ യായി കണ്ടുവരുന്നത്. ഒന്നാം ക്ലാസിൽ പ്രവേശനം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ ശരാശരി 50% പേർ പത്താം ക്ലാസിൽ എത്തുന്നുണ്ട്.

(സി) രക്ഷകർത്താക്കളുടെ അറിവില്ലായ്മ നിരക്ഷര, ദാരിദ്ര്യം ഫലപ്ര ദമായ ബോധവത്ക്കരണത്തിന്റെ അഭാവം തുടങ്ങിയവ കൊഴിഞ്ഞു പോക്കി നുള്ള കാരണമായി കണ്ടിട്ടുണ്ട്.

(ഡി) പട്ടികവർഗ്ഗ വിഭാഗത്തിലാണ് കൊഴിഞ്ഞുപോക്ക് സാധാരണ യായി കണ്ടുവരുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തട യുന്നതിനും പഠനം നിറുത്തിയവരെ വീണ്ടും സ്കൂളിൽ ചേർത്ത് പഠിപ്പിക്കു വാൻ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി സർക്കാർ പ്രത്യേക പദ്ധതി ആവി ഷ്ക്കരിച്ച് നടപ്പാക്കിവരുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) ബോധവത്ക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കൽ.

(2) രക്ഷകർത്താക്കൾക്കുള്ള പ്രോത്സാഹന സഹായം

LIBRARY ARCHIVES Kerala Legislative Assembly